LIBRARY ARCHIVES Kerala Legislative Assembly

രാജ്യറാണി എക്സ്പ്രസ്സിൽ അധികമായി ബോഗികൾ

83 (428) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സിൽ അധികമായി ബോഗികൾ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഒരു സ്ലീപ്പർ കോച്ചും, ഒരു എ.സി. കോച്ചും കൂടി പ്രസ്തുത തീവണ്ടിയിൽ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) സാങ്കേതികമായി അധിക ബോഗി അനുവദിക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ വളരെയധികം യാത്രക്കാർ ആശ്രയിക്കുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു അഡീഷണൽ സെക്കന്റ്ക്ലാസ്സ് സ്ലീപ്പർ കോച്ചുകൂടി അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഈ ആവശ്യം നടപ്പാക്കണമെന്ന അഭ്യർത്ഥന ഉൾപ്പെടുത്തിയിട്ടുണ്ട്.

തീവണ്ടികളിലെ പഴക്കം ചെന്ന ബോഗികൾ

84 (429) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലൂടെ ഓടുന്ന തീവണ്ടികളിലെ ബോഗികൾ മിക്കവയും പഴക്കം ചെന്നതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?